A

# സമഗ്ര ശിക്ഷാ, കേരളം

502

**പാദവാർഷിക മൂല്യനിർണയം 2022-23**

## കേരളപാഠാവലി

**ക്ലാസ് - 5** **സമയം: 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ**

1. **മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്**
2. **താഴെ കൊടുത്തിട്ടുള്ള ആറ് പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറ് വരെയുള്ള പ്രവർത്തനങ്ങളിൽ നാല് പ്രവർത്തനങ്ങൾക്ക് മാത്രം ഉത്തരം എഴുതിയാൽ മതി.**

**പ്രവർത്തനം - 1** കഥ വായിക്കാം എഴുതാം

രാക്ഷസന്റെ പൂന്തോട്ടം

ഗ്രാമത്തിനടുത്തുള്ള കാട്ടിൽ ഒരു രാക്ഷസൻ താമസിച്ചിരുന്നു. അയാൾ ഒരു വലിയ കൊട്ടാരം പണിഞ്ഞു, മനോഹരമായ പൂന്തോട്ടമുണ്ടാക്കി. ആരെയും ആകർഷിക്കുന്ന പൂക്കളും പഴങ്ങളുമായിരുന്നു ആ തോട്ടം നിറയെ.

ഒരു ദിവസം ഗ്രാമത്തിലെ കുട്ടികൾ തോട്ടത്തിൽ കടന്ന് ആടിപ്പാടി രസിച്ചു. പൂക്കൾ കൊണ്ട് മാലയുണ്ടാക്കുകയും പഴങ്ങൾ പെറുക്കിത്തിന്ന് വിശപ്പടക്കുകയും ചെയ്തു. ഈ സമയത്ത് രാക്ഷസൻ അവിടെ ഉണ്ടായിരുന്നില്ല. അയാൾ മടങ്ങി വന്നപ്പോൾ കുട്ടികളെ അവിടെ നിന്ന് ആട്ടിയോടിച്ചു. തോട്ടത്തിനു ചുറ്റും വലിയ മതിലു കെട്ടിയടച്ചു.

അതോടെ കുട്ടികൾ വരാതെയായി. തോട്ടത്തിലെ പൂക്കൾ കൊഴിഞ്ഞു. പക്ഷികളും ശലഭങ്ങളും സ്ഥലം വിട്ടു. ഇതു കണ്ട് രാക്ഷസൻ അമ്പരന്നു.

എ) രാക്ഷസൻ എവിടെയാണ് താമസിച്ചിരുന്നത്?

- കാട്ടിൽ
- മലയിൽ
- പട്ടണത്തിൽ

ബി) രാക്ഷസന്റെ പൂന്തോട്ടത്തിൽ കടന്ന് ആടിപ്പാടി രസിച്ചതാര്?

- കാട്ടുമൃഗങ്ങൾ
- അയൽക്കാർ
- കുട്ടികൾ

സി) മാതൃക പോലെ എഴുതുക

- മാലകളുണ്ടാക്കി - മാലകൾ + ഉണ്ടാക്കി
- പൂന്തോട്ടമുണ്ടാക്കി - ..........................................

ഡി) കുട്ടികൾ വരാതെയായപ്പോൾ പൂന്തോട്ടത്തിന് എന്തു സംഭവിച്ചു?

ഇ) തോട്ടത്തിന്റെ അവസ്ഥ കണ്ട് അമ്പരന്ന രാക്ഷസൻ പിന്നീട് ചെയ്തത് എന്തായാം?

**പ്രവർത്തനം - 2 കഥാപാത്രനിരൂപണം തയാറാക്കുക.**

അപ്പുവിന് കോയസ്സനെ വിശ്വാസമായിരുന്നു.

അന്നു രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ അപ്പു അമ്മയോട് മാനം പൊട്ടി വീണാലുള്ള വൈഷമ്യത്തെക്കുറിച്ചു പറഞ്ഞു.

- കുഞ്ഞാലുവിനെ അപ്പുവിന്റെ ഡ്രൈവറാക്കണം. - കോയസ്സൻ
- കുഞ്ഞാലു ഡോക്ടറായാലോ-അപ്പു

സ്നേഹത്തിന്റെയും വറ്റാത്ത നന്മയുടെയും ലോകം നമുക്കു കാട്ടിത്തന്ന കോയസ്സൻ എന്ന കഥയിലെ അപ്പുവിനെ ഓർക്കുന്നുണ്ടല്ലോ.

എ) അപ്പു എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക

ബി) 'കോയസ്സൻ' എന്ന കഥ എഴുതിയതാര്?

- ബഷീർ
- ചങ്ങമ്പുഴ
- ഉറൂബ്

**പ്രവർത്തനം - 3 വിവരണം തയാറാക്കുക**

ഗ്രാമീണ ജീവിതത്തിന്റെ നിരവധി ചിത്രങ്ങൾ 'പാത്തുമ്മായുടെ ആട്' എന്ന പാഠഭാഗത്തിലൂടെ നാം പരിചയപ്പെട്ടു.

അബി ആടിന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചിരിക്കുന്നു.
പാത്തുക്കുട്ടി വാലിൽ പിടിച്ചു വലിക്കുകയാണ്.
സൈദുമുഹമ്മദ് കൊമ്പിൽ പിടിച്ചിട്ടുണ്ട്.

ഞാൻ പാത്തുമ്മയുടെ ആടിനെ ഓടിച്ചു പുറത്തിറക്കി.
അതു പ്ലാവിൻചുവട്ടിലേക്കോടി.
അവിടെ രണ്ടുമൂന്ന് ഇലകൾ വീണു കിടപ്പുണ്ട്.
മൂപ്പത്തി അതെല്ലാം തിന്നുകയാണ്.

**പാത്തുമ്മായുടെ ആട്**



കഥാസന്ദർഭങ്ങളും ചിത്രവും കണ്ടുവല്ലോ.

എ) നിങ്ങളുടെ പ്രദേശത്തെ ആകർഷകമായ കാഴ്ചകളെപ്പറ്റി ഒരു വിവരണം തയാറാക്കൂ.

**പ്രവർത്തനം 4 - വിശകലനം തയാറാക്കാം.**




ഈ ചിത്രത്തേക്കാൾ മനോഹരമായും വലുതായും നാല് ഇതളുള്ള പൂവ് വരയ്ക്കുക. ഓരോ ഇതളിലും അതതു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1. കടങ്കഥയ്ക്ക് ഉത്തരം നൽകൂ.

ആനകേറാമല
ആടുകേറാമല
ആയിരം കാന്താരി പൂത്തിറങ്ങി.

2. ഒറ്റപ്പദം എഴുതുക

കവികളാകുന്ന കോകിലങ്ങൾ-.........................

3. ചുവടെ കൊടുത്തിരിക്കുന്നവയിൽ ബഷീറിന്റെ കൃതിയേത്?

- രമണൻ
- ബാല്യകാലസഖി
- അമ്പലമണി

4. ശരിയായ പദമേത്?

- കുതിരാലയം
- കുതിരലയം
- കുതിരലായം

**പ്രവർത്തനം - 5 അഭിനന്ദനസന്ദേശം തയാറാക്കുക.**



നഞ്ചിയമ്മ

എ) ഇത്തവണത്തെ ചലച്ചിത്ര പിന്നണിഗായികയ്ക്കുള്ള ദേശീയ പുരസ്ക്കാരം ലഭിച്ച നഞ്ചിയമ്മയുടെ ചിത്രമാണിത്. പാലക്കാട്ടെ ഉൾനാടൻ ഗ്രാമത്തിൽ നിന്ന് ദേശീയ ശ്രദ്ധ ആകർഷിച്ച നഞ്ചിയമ്മയെ അഭിനന്ദിച്ചുകൊണ്ട് ഒരു സന്ദേശം തയാറാക്കൂ.

ബി) യൂറിഗഗാറിൻ ബഹിരാകാശയാത്ര നടത്തിയ വാഹനമേത്?

സി) മാതൃക പോലെ എഴുതുക

- മനോഹരകാഴ്ച - മനോഹരമായ കാഴ്ച
- തീവ്രകിരണം - .........................................

പ്രവർത്തനം - 6 ആസ്വാദനക്കുറിപ്പ് തയാറാക്കാം.

**'മലയാളനാടേ ജയിച്ചാലും'**
എന്ന കവിത ആസ്വദിച്ചുവല്ലോ.
ഈ കവിത വായിക്കൂ.

**നമ്മുടെ രാജ്യം മലയാളം**

പൊന്നോണത്തിൻ നാടേത്?
പൂക്കൾ ചിരിക്കും മലയാളം.
പുത്തരിയുണ്ണും നാടേത്?
പുഞ്ചകൾ വിളയും മലയാളം.
പാലാറൊഴുകും നാടേത്?
നീലക്കാറണി മലയാളം.
വഞ്ചിപ്പാട്ടിൻ നാടേത്?
തുഞ്ചൻ പുകഴും മലയാളം.
മംഗലമണിയും നാടേത്?
തെങ്ങുകൾ തിങ്ങും മലയാളം.
നന്മകൾ നിറയും നാടേത്?
നമ്മുടെ രാജ്യം മലയാളം.
(തിരുനയിനാർ കുറിച്ചി)

**പുകഴും -- പുകഴ്ത്തുന്ന**

www.educationobserver.com

എ) **'നമ്മുടെ രാജ്യം മലയാളം'** എന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയാറാക്കുക.
ചുവടെ നൽകിയിരിക്കുന്ന കാര്യങ്ങൾ കൂടി പരിഗണിക്കുമല്ലോ.

- കവിതയുടെ ആശയം
- ഇഷ്ടപ്പെട്ട വരികൾ
- സവിശേഷപ്രയോഗങ്ങൾ